**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3322** **15-02-2024 - ൽ മറുപടിയ്ക്ക്**

**കരേക്കാട് കുണ്ടുവായിൽ ഓവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിൽ മാറാക്കര പഞ്ചായത്തിലെ കണ്ണംകുളം-കണ്ണംകടവ്-മുക്കിലപ്പീടിക-വായനശാല റോഡിൽ കരേക്കാട്-കുണ്ടുവായിൽ ഓവ് പാലത്തിന്റെ ഭിത്തികളിൽ വലിയ വിള്ളൽ രൂപപ്പെട്ടും ഇരുമ്പ് കമ്പികൾ ദ്രവിച്ചും കോൺക്രീറ്റ് പാളികൾ അടർന്ന് വീണും പാലം അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രസ്തുത ഓവുപാലം പുനർനിർമ്മിക്കുന്നതിനും, അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുകയും, പ്രസ്തുത പ്രവൃത്തിക്ക് 29/01/2024 തീയതിയിൽ 23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുമുണ്ട്. ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. അതോടൊപ്പം തകർന്നുകിടക്കുന്ന അപ്രോച്ച് റോഡും നവീകരിക്കുന്നതിനുള്ള നടപടികളും പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പാലം പുനർ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പ്രസ്തുത ഓവ് പാലം പുതുക്കിപ്പണിയുന്നതിനും തകർന്ന് കിടക്കുന്ന അപ്രോച്ച് റോഡ് നവീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ